**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *474** **24.10.2016-ൽ മറുപടിക്ക്**

## ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി.കെ. ആശ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നിബന്ധനകളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (എ) 25/07/2005-ലെ സർക്കാർ ഉത്തരവ് (പി) 217/2005/ ആഭ്യന്തരം നമ്പർ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർദേശങ്ങളിലെ ഖണ്ഡിക 23-ൽ ജില്ലാ ഭരണ കൂടത്തിന്റെ മുൻകൂർ അനുവാദത്തോടെ മാത്രമേ ആരാധനാലയങ്ങൾ നിർമ്മിക്കുന്ന തിനും പുതുക്കി പണിയുന്നതിനുമുള്ള അനുമതി നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ വർഗ്ഗീയ ലഹളകൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും മതസൗഹാർദ്ദം നിലനിർത്തുന്നതിനുമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും ഇപ്പോൾ നിലവിലുള്ളതുമായ മാർഗ്ഗ നിർദ്ദേശങ്ങളിലെ നിബന്ധനകൾ ക്കനുസൃതമായും ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്കനുസൃതമായും മാത്രമെ ആരാധനാലയങ്ങളുടെ നിർമ്മാണ ത്തിന് അനുമതി നൽകാവൂ എന്നും മാർഗ്ഗനിർദ്ദേശങ്ങളിലെ നിബന്ധന കൾ കർശനമായും പാലിക്കേണ്ടതാ ണെന്നും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആരാധനാലയങ്ങൾ സ്ഥാപിക്കുന്ന തിനു സമീപം ഇതരമത വിഭാഗങ്ങളിൽപ്പെട്ടവരുടെ ആരാധനാ ലയങ്ങൾ സ്ഥിതിചെയ്യുന്നുണ്ടോ, |

പരിസരവാസികൾക്കും മറ്റു മത വിഭാഗങ്ങളിൽപ്പെട്ടവർക്കും എതിർപ്പുണ്ടോ, ശബ്ദമലിനീകരണം ഉണ്ടാക്കപ്പെടുന്നുണ്ടോ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ കെട്ടിടനിർമ്മാണച്ചട്ടങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടോ എന്നിവ പരിശോധിച്ചാണ് ജില്ലാ കളക്ടർമാർ ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നത്.

(ബി) കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടാതെ നിർമ്മിക്കപ്പെടുന്ന ആരാധനാലയങ്ങൾ വർഗ്ഗീയ സാമുദായിക സംഘർഷങ്ങൾക്ക് ഇടയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടാതെ നിർമ്മിക്കപ്പെടുന്ന ആരാധനാലയങ്ങൾക്കെതിരെ ജനങ്ങളും സാമുദായിക സംഘടനകളും എതിർപ്പുമായി രംഗത്തു വരുന്നതും പ്രതിഷേധം പ്രകടിപ്പിക്കുന്നതും സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എല്ലാ മതങ്ങളുടെയും സമുദായങ്ങളുടെയും പ്രത്യേക വിശ്വാസപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൂട്ടായ്മകളുടെയും ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമാനദണ്ഡം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) ഇപ്പോൾ പരിഗണനയിലില്ല

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്